DBHSS THAKAZHY 1988 BATCH ALUMINI ASSOCIATION (DBHSTKY1988)
Society Reg. No. **ALP/TC/434/2019**
Web Site: https://www.dbhstky1988.org
https://dbhstky88.blogspot.com

13/271, POOPPALLIL
THAKAZHY, ALAPPUZHA Dist.
Kerala, PIN 688562
+91 98472 09381 (Sunil P S)
+91 8547575577 (Anoop P A)
E-mail ID: dbhstky88@gmail.com

22/ സെപ്റ്റംബർ/ 2020

ആനുവൽ ജനറൽ ബോഡി മീറ്റിങ് മിനിറ്റ്സ്

(കേരള സർക്കാരിന്റെ, http://egroops.kerala.gov.in ൽ സൊസൈറ്റി അപ്‌ലോഡ് ചെയ്ത 17.11.2019 AGM പ്രകാരം "DBHS TKY 88" വാട്സാപ്പിൽ കൂടുന്ന 2020 ലെ ആനുവൽ ജനറൽ ബോഡി).

അജണ്ട:-

1. ഭരണസമിതി അംഗങ്ങൾ അഞ്ചായി ചുരുക്കുക, ഗൂഗിൾ ഫോംസിൽ താൽപ്പര്യം അറിയിച്ചവരെ ചുമതലപ്പെടുത്തുക.
2. നമ്മുടെ പൊതു വാട്സാപ്പ് ഗ്രൂപ്പായ "DBHS TKY 88"ൽ ഒരുപക്ഷെ സജീവമായി സൊസൈറ്റി വിഷയങ്ങളിൽ പങ്കെടുക്കാത്തവർ സൊസൈറ്റിയുടെ തീരുമാനങ്ങൾ അംഗീകരിക്കുന്നു എന്ന് വിവക്ഷിക്കപ്പെടും
3. കോ-ഓർഡിനേഷൻ കമ്മറ്റി കൂടുന്ന വാട്സാപ്പ് ഗ്രൂപ്പായ "Co-ordinators DBHS TKY 88"ൽ എടുക്കുന്ന ആശയങ്ങളിൽ/ തീരുമാനങ്ങളിൽ അഞ്ചിൽ നാലുപേർ പിന്താങ്ങിയാൽ മാത്രമേ പൊതു ഗ്രൂപ്പിന്റെ അഭിപ്രായം തേടേണ്ടതുള്ളു.
4. വെബ്ബിനാർ/ ഗൂഗിൾ മീറ്റ്/ സൂം മുതലായ പ്ലാറ്റുഫോമുകൾ ഉപയോഗിച്ചും, നമുക്ക് മീറ്റിങ്ങുകൾ നടത്താമെന്നു അംഗീകരിക്കുക.
5. നമുക്ക് ആകെ സ്വീകരിക്കാൻ ഉള്ള വഴികൾ താഴെയുള്ളതു മാത്രമായി നമ്മൾ ക്രമീകരിച്ചിരിക്കുന്നു.
5.1 https://razorpay.com വഴി നമ്മൾ DBHS TKY 88 എന്ന നമ്മുടെ വാട്സാപ്പ് ഗ്രൂപ്പിൽ അയക്കുന്ന/ സൊസൈറ്റി/ ഗ്രൂപ്പംഗങ്ങൾക്കു അയക്കുന്ന ലിങ്കിൽ കൂടെയും, മാത്രമുള്ള സാമ്പത്തിക ഇടപാടുകൾ മാത്രമേ സൊസൈറ്റിയുടെ പേരിലുള്ള ESAF Small Finance Bank Limited, Br. Ambalapuzha യിലെ അക്കൗണ്ടിലേക്കു സ്വീകരിക്കുകയുള്ളു.
5.2 സൊസൈറ്റിക്കുള്ള UJJIVAN SMALL FINANCE BANK LTD, Br. Vaikom നമുക്ക് ഡെബിറ്റ് കാർഡ് വഴിയുള്ള സേവനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു.
6. വരവുചെലവ് കണക്കുകൾക്കായി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രസിദ്ധപ്പെടുത്തൽ (ഗ്രൂപ്പിൽ 9/ സെപ്റ്റംബർ / 2020 ൽ വ്യക്തമാക്കിയത്).
7. ബൈലോയിൽ വരുത്തേണ്ട അമെൻഡ്മെന്റ്കൾ മുൻപറഞ്ഞ രീതിയിൽ മാത്രമെന്നത് അംഗീകരിക്കുന്നു..
8. നമ്മുടെ സൊസൈറ്റി സാമ്പത്തികമായി ഇടപെടുന്ന വിഷയങ്ങൾ അതിന്റെ സാമ്പത്തിക വരുമാനത്തോടെ കൈകാര്യം ചെയ്യേണ്ടുന്ന വിഷയങ്ങൾ അതിന്റെ മുൻഗണനാപ്രകാരം താഴെ..
8.1 ശാരീരികമായും, സാമ്പത്തികമായിയും പിന്നിൽ നിൽക്കുന്ന മെംബർമാർക്കുള്ള ഉപജീവനത്തിനോ/ അവരുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾക്കോ/ അങ്ങനെ ബുദ്ധിമുട്ടുന്നുവരുടെ കുട്ടികൾക്കോ ഉള്ള പഠനോപാധികൾക്കും ഉള്ള സഹായങ്ങൾ.
8.2 ശാരീരികമായും സാമ്പത്തികമായിയും പിന്നോട്ട് നിൽക്കുന്ന, നമ്മെ പഠിപ്പിച്ച അദ്ധ്യാപകർക്കുള്ള സഹായങ്ങൾ.
8.3 മികവ് പുലർത്തുന്ന (10th, +2, ഡിഗ്രി എന്നിവയിൽ മുഴുവൻ A+ വാങ്ങുന്ന കുട്ടികൾക്കുള്ള മികച്ച സമ്മാനങ്ങൾ).
8.4 കായികമോ, കലാപരമോ, സാഹിത്യപരമോ മുന്നിട്ടു നിൽക്കുന്ന മെമ്പേഴ്സിന്റെ കുട്ടികൾക്കുള്ള പ്രോത്സാഹന സമ്മാനങ്ങൾ..

DBHSS THAKAZHY 1988 BATCH ALUMNI ASSOCIATION
DBHS TKY 1988
Society Reg. No.
ALP/TC/ 434 / 2019
13/271 POOPPALLIL THAKAZHY 688 562

DBHSS THAKAZHY 1988 BATCH ALUMINI ASSOCIATION
(DBHSTKY1988)
Society Reg. No. ALP/TC/434/2019
Web Site: https://www.dbhstky1988.org
https://dbhstky88.blogspot.com

13/271, POOPPALLIL
THAKAZHY, ALAPPUZHA Dist.
Kerala, PIN 688562
+91 98472 09381 (Sunil P S)
+91 8547575577 (Anoop P A)
E-mail ID: dbhstky88@gmail.com

8.5 മുൻപറഞ്ഞ വിഷയങ്ങൾ എല്ലാം കണ്ടെത്താനും, അറിയിക്കാനും നമ്മൾ എല്ലാവരും ബാധ്യതപ്പെട്ടവരാണ്, അതിനാൽ ഗ്രൂപ്പിൽ തന്നെ അറിയിക്കുമെന്ന് സമ്മതിക്കുന്നു.

9. വാർഷിക വരുമാനമായി മാസം അൻപതുരൂപ പ്രകാരം 600/-, മെമ്പർഷിപ്പ് തുകയും ചേർത്ത് എല്ലാവരും 700/- ഒരു വർഷത്തിൽ എപ്പോഴെങ്കിലുമായി അടക്കുക എന്നത് സൊസൈറ്റിയുടെ ചിലവുകൾക്കും, സ്ഥിരനിലനില്പ്പിനും വേണ്ടി പരിഗണിച്ചു പങ്കുചേരുക (ഉപയോഗിക്കാത്ത തുകകൾ എല്ലാം എമർജൻസി ഫണ്ടിലേക്ക് ലയിപ്പിച്ചു സൊസൈറ്റിയുടെ ബാങ്ക് അക്കൗണ്ടുകളിൽ തന്നെ സ്വരൂപിക്കുന്നതാവും).

നമ്മുടെ വാട്സാപ്പ് ഗ്രൂപ്പായ "DBHS TKY 88"ൽ പങ്കെടുത്ത എല്ലാ സുഹൃത്തുക്കൾക്കും നന്ദി നേരുന്നു..

1. നമ്മുടെ കൂട്ടായ്മയിൽ നിന്നും ആകെ അഞ്ചു പേർ മാത്രം തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഗൂഗിൾ ഫോംസിലൂടെ താൽപ്പര്യം പ്രകടിപ്പിച്ചു, അതിൻപ്രകാരം,

a) പ്രസിഡന്റ് - ശ്രീ. പ്രിയാലാൽ P.
b) സെക്രട്ടറി - ശ്രീ. അനൂപ് P A .
c) ട്രെഷറർ - ശ്രീ. സുനിൽ കുമാർ P S
d) എക്സിക്യൂട്ടീവ് മെമ്പർ - ശ്രീ. മോഹൻ കുമാർ R &
e) എക്സിക്യൂട്ടീവ് മെമ്പർ - ശ്രീ. വിനോദ് കുമാർ G

എന്നിവരെ ഗവേർണിംഗ് ബോഡിയിലേ സ്ഥാനങ്ങളിലേക്കായി യോഗം നിയോഗിച്ചു.

2, 3, 4, 5, 6, 7, 8 & 9 മുതലായ വിഷയങ്ങളിൽ ഗ്രൂപ്പിലെ സൊസൈറ്റി അംഗങ്ങൾ 2020 സെപ്റ്റംബർ 21, 22 തീയതികളിൽ DBHS TKY 88 എന്ന വാട്സാപ്പ് ഗ്രൂപ്പിൽ കൂടിയ AGM ൽ അംഗീകരിച്ചു.

<u>സൊസൈറ്റിയിൽ അംഗങ്ങളായുള്ള ആകെ മുപ്പത്തിയഞ്ചുപേരിൽ ശ്രീ. ബിജു K മാത്രം കാരണങ്ങൾ അറിയിക്കാതെ ഗ്രൂപ്പിൽ വിരോധം അറിയിച്ചിരുന്നു. അതിനാൽ 34/35 എന്ന രീതിയിൽ, അജണ്ടപ്രകാരം ഉള്ള എല്ലാ തീരുമാനങ്ങളും പാസ്സാക്കിയതായി ഇതോടെ അറിയിക്കുന്നു.</u>

നമ്മുടെ സൗഹൃദങ്ങൾ മറക്കാതെ, അത് തേടി നമ്മുടെ ജിതേഷിന് വേണ്ടി, ഈ കൂട്ടായ്മയ്ക്ക് മുൻപേ തന്നെ ചുക്കാൻ പിടിച്ച സുനിൽ PB, സുനിൽ PS, ക്രിസ്, ബിനു എന്നിവർ നമ്മുടെ വഴികാട്ടികളായി മുന്നിൽ നയിച്ചതിനാൽ മാത്രമാണ് നമ്മൾ ഓരോരുത്തരും സമാനഗതിയോടെ ചിന്തിച്ചു നമ്മൾ ആ കാരുണ്യപ്രവർത്തികളിൽ നമ്മളെല്ലാവരും പങ്കുചേരുന്നതെന്നു മറക്കാവതല്ല.

ഈ സന്തോഷങ്ങൾ എല്ലാം കൂട്ടിവയ്ക്കാനായി, ഗ്രൂപ്പെന്ന സങ്കൽപ്പത്തിന് തന്നെ ജീവൻ കൊടുത്ത നമ്മുടെ പ്രിയ JP യെ ഒരിക്കൽ കൂടി നമ്മൾ എല്ലാവരുടെയും സ്നേഹങ്ങൾ അറിയിക്കുന്നു, കൂടാതെ കഴിഞ്ഞ ഗ്രാൻഡ് മീറ്റിനു ചുക്കാൻ പിടിച്ച ക്രിസ്, പ്രിയാലാൽ, സുനിൽ PB എന്നവരും, അതിൽ പങ്കെടുത്ത എല്ലാവരെയും സന്തോഷത്തോടെ സ്മരിച്ചുകൊണ്ട് നമ്മളാൽ തിരഞ്ഞെടുക്കപ്പെട്ടവർ
ഉപസംഹരിക്കുന്നു..

എന്നും സ്നേഹത്തോടെ, സന്തോഷത്തോടെ.. 🌹🌹🌹🌹🌹🌹

കോഓർഡിനേഷൻ കമ്മറ്റി/ ഗവേർണിംഗ് ബോഡി
സെക്രട്ടറി
DBHSS THAKAZHY 1988 BATCH ALUMNI ASSOCIATION
ALP/TC/ 434/2019 (Registered under the Travancore Cochin Literary, Scientific and Charitable Societies Registration Act,1955)

DBHS TKY 1988
DBHSS THAKAZHY 1988 BATCH ALUMNI ASSOCIATION. Reg. No.ALP/ TC/ 434/2019

DBHSS THAKAZHY 1988 BATCH ALUMNI ASSOCIATION
DBHS TKY 1988
Society Reg. No.
ALP/TC/ 434 / 2019
13/271 POOPPALLIL THAKAZHY 688 562

PRESIDENT / SECRETARY / TRASURER